**125/24-M**

| ചോദ്യ പുസ്തക ക്രമനമ്പർ |
|---|
| |

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ചെറിയ ദൂരങ്ങൾ അളക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം ഏത് ?
   - A) ഗേജ്
   - B) ടേപ്പ് മെഷർ
   - C) റൂളർ
   - D) മീറ്റർ സ്റ്റിക്ക്

2. ഇവയിൽ ഒരടിയോ അതിൽ കൂടുതലോ ദൂരമോ മെറ്റീരിയലോ അളക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം ഏതാണ് ?
   - A) ഗേജ്
   - B) ടേപ്പ് മെഷർ
   - C) റൂളർ
   - D) എൽ സ്ക്വയർ

3. നേർത്ത വർക്കുകൾ, ട്രിമിങ്, സ്കാലപ്സ്, ക്ലിപ്പിങ് ത്രെഡ്സ്, വലിയ ഐലറ്റ് മുതലായവ ചെയ്യുന്നതിന് ഉപയോഗിക്കുന്ന ചെറിയ മൂർച്ച കൂടിയതും മുനയുള്ളതുമായ ഉപകരണം
   - A) നീഡിൽ ത്രെഡർ
   - B) തിംബിൾ
   - C) ത്രെഡ് കട്ടർ
   - D) എംബ്രോയ്ഡറി സിസേർസ്

4. ഇത്തരം അറ്റാച്ച്മെന്റ്സ് മെഷീനിന്റെ ബെഡിന്റെ ഭാഗത്തോ, അല്ലെങ്കിൽ പ്രഷർ ഫൂട്ടിലോ ആണ് ഘടിപ്പിച്ചിരിക്കുന്നത്.
   - A) ഇലാസ്റ്റിക് ഫൂട്ട്
   - B) ബൈൻഡർ ആന്റ് ഫോൾഡർ
   - C) ഗൈഡ്സ് ആന്റ് ഗേജസ്സ്
   - D) ബട്ടൺ ഹോൾ അറ്റാച്ച്മെന്റ്സ്

5. കണ്ണിന് കാഴ്ചശക്തി കുറഞ്ഞ തയ്യൽകാർക്ക് സഹായകരമാകുന്ന വിധത്തിൽ എളുപ്പത്തിൽ ത്രെഡിങ്ങ് ചെയ്യാൻ ഉപയോഗിക്കുന്ന ഉപകരണം ഏത് ?
   - A) നീഡിൽ ത്രെഡർ
   - B) പൗൺസ്
   - C) ഗേജ്
   - D) തിംബിൾ

6. എംബ്രോയ്ഡറി സ്റ്റിച്ചസ് ചെയ്യുന്ന സമയത്ത് ഫാബ്രിക് സ്ട്രെച്ച് ചെയ്ത് നിലനിർത്തുന്നതിന് ഉപയോഗിക്കുന്ന ഉപകരണം ഏതാണ് ?
   - A) ഫാബ്രിക് സ്ട്രക്ച്ചർ
   - B) തിംബിൾ
   - C) ഹൂപ്പ്
   - D) പൗൺസ്

7. പൂക്കൾ, തണ്ടുകൾ, ഔട്ട്ലൈൻ തുടങ്ങിയവ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നത് ഏതു തരം സ്റ്റിച്ചാണ് ?
   - A) ബാക്ക് സ്റ്റിച്ച്
   - B) ബുൾയൻ നോട്ട്
   - C) സീഡ് സ്റ്റിച്ച്
   - D) സ്റ്റെം സ്റ്റിച്ച്

8. ഒരു പൂവിന്റെ ഇതളിനെ സൂചിപ്പിക്കുന്ന തരത്തിൽ സ്റ്റിച്ചുകൾ രൂപീകരിക്കുകയും ആയതിന്റെ മറ്റൊരു പേര് ഡിറ്റാച്ച്ഡ് ചെയിൻ എന്നുമാണ്.

A) ബുൽയൻ നോട്ട്
B) ലേസി ഡെയ്സി
C) ഫ്രെഞ്ച് നോട്ട്
D) ചെയിൻ സ്റ്റിച്ച്

9. ഇലകളും തൂവലുകളും നിർമ്മിക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന ഫില്ലിങ് സ്റ്റിച്ച് ഏതാണ് ?

A) ഫിഷ് ബോൺ
B) ഫ്രെഞ്ച് നോട്ട്
C) സാറ്റിൻ സ്റ്റിച്ച്
D) ഫെതർ സ്റ്റിച്ച്

10. ഫിനിഷിങ് നീഡിൽ എന്ന് അറിയപ്പെടുന്ന ഈ നീഡിൽ രൂപകൽപന ചെയ്തിരിക്കുന്ന ബ്ലന്റ് ടിപ്പും വലിയ ഐയുള്ളതുമായിട്ടാണ്.

A) ടാപ്പ്സ്ട്രി നീഡിൽ
B) ക്രൂവൽ നീഡിൽ
C) ബാൾ പോയിന്റ് നീഡിൽ
D) ഡാർണിങ് നീഡിൽ

11. വലത്ത് നിന്ന് ഇടത്തേക്ക് ഗാർമെന്റിൽ സ്റ്റിച്ച് ചെയ്യുന്നതിന് ഉപയോഗിക്കുന്ന സ്റ്റിച്ച് ഏതാണ് ?

A) പെർമനന്റ് സ്റ്റിച്ച്
B) ടെമ്പററി സ്റ്റിച്ച്
C) സാറ്റിൻ സ്റ്റിച്ച്
D) ഡെകറേറ്റീവ് സ്റ്റിച്ച്

12. ഒരു തയ്യൽ മെഷീനിൽ തുണി യഥാസ്ഥാനത്ത് ഉറപ്പിച്ച് വയ്ക്കുന്നതിന് ഉപയോഗിക്കുന്ന മെഷിൻ ഭാഗത്തിന് പറയുന്ന പേര് എന്താണ് ?

A) സർഫേസ് പ്ലേറ്റ്
B) ഫാബ്രിക് ഗേജ്
C) പ്രസർ ഫൂട്ട്
D) ടെൻഷൻ കൺട്രോൾ

13. ത്രോട്ടിന്റെ മറ്റൊരു പേര്

A) സൈഡ് പ്ലേറ്റ്
B) നീഡിൽ പ്ലേറ്റ്
C) ബോബിൻ പ്ലേറ്റ്
D) ഇവയിൽ ഒന്നുമല്ല

14. കർവ് പോയിന്റുകൾ ഷേപ്പ് ചെയ്യുന്നതിനും, തമ്മിൽ ബന്ധിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന ടൂൾ ഏതാണ് ?

A) റൂളർ
B) ഫ്രെഞ്ച് കർവ്
C) ഹിപ്പ് കർവ്
D) ടേപ്പ് മെഷർ

15. ഇവയിൽ ഏത് പരമ്പരാഗത മോട്ടിഫിലാണ് ഭഗവാൻ ശിവന്റെ കണ്ഠവുമായി ബന്ധപ്പെട്ടത് ?

A) ചിക്കൻകാരി ഓഫ് ലക്നൗ
B) കാന്ത ഓഫ് വെസ്റ്റ് ബംഗാൾ
C) പീപ്പ്ളി ആപ്ലിക്ക് വർക്ക്
D) രാജസ്ഥാനി എംബ്രോയ്ഡറി

16. എത്ര തരം ബേസിക് എംബ്രോയ്ഡറിയാണുള്ളത് ?

A) 8 സ്റ്റിച്ച്
B) 5 സ്റ്റിച്ച്
C) 2 സ്റ്റിച്ച്
D) 3 സ്റ്റിച്ച്

17. സ്റ്റിച്ച്ഡ് ഗാർമെന്റിന്റെ ഭാഗമായിട്ടുള്ള സ്റ്റിച്ചുകൾ ഏതാണ് ?

A) പെർമനന്റ് സ്റ്റിച്ച്
B) ഡെകറെറ്റീവ് സ്റ്റിച്ച്
C) റ്റെമ്പററി സ്റ്റിച്ച്
D) ഹെമ്മിങ്ങ്

18. ബലമേറിയതും, മെഷീൻ സ്റ്റിച്ചിന് പകരമായി ഉപയോഗിക്കുന്നതുമായ സ്റ്റിച്ച് ഏതാണ് ?

A) റണ്ണിംഗ് സ്റ്റിച്ച്
B) ബാക്ക് സ്റ്റിച്ച്
C) കോമ്പിനേഷൻ സ്റ്റിച്ച്
D) ഹെമ്മിങ്ങ്

19. ഏറ്റവും അപൂർവ്വമായി ഉപയോഗിക്കുന്ന തയ്യൽ മെഷീനിൽ പോലും ഉണ്ടായിരിക്കേണ്ട രണ്ട് അടിസ്ഥാന തുന്നലുകൾ ഏതാണ് ?

A) സ്ട്രേറ്റ് സ്റ്റിച്ച് & സിഗ്സാഗ് സ്റ്റിച്ച്
B) റണ്ണിങ്ങ് & ബാക്ക്സ്റ്റിച്ച്
C) സ്ലിപ് & ബാസ്റ്റിങ്ങ്
D) ബ്ലാങ്കറ്റ് & കാച്ച്

20. കോട്ടിന്റെ ലൈനിങ്ങും ഇനർലൈനിങ്ങും ഹോൾഡ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന സ്റ്റിച്ചുകൾ ഏതാണ് ?

A) ഈവൻ ബാസ്റ്റിങ്ങ്
B) അൺഈവൻ ബാസ്റ്റിങ്ങ്
C) പാഡിങ്ങ് സ്റ്റിച്ച്
D) പിക്ക് സ്റ്റിച്ച്

21. പൊസിഷനിംഗ് മാർക്ക്, ബാലൻസ് മാർക്കുകൾ, സീം അലവൻസ് എന്നിവ സ്ഥാപിക്കുന്നതിന് ഏത് ഉപകരണമാണ് ഉപയോഗിക്കുന്നത് ?

A) ഹോൾ പഞ്ച്
B) നോച്ചർ
C) സ്റ്റിച്ച് കട്ടർ
D) റീവോൾവിങ്ങ് ഹോൾ പൻച്ച്

22. കട്ടിയുള്ള കടലാസോ പ്ലാസ്റ്റിക്കിൽ നിന്നോ മൊഡ്യൂൾ ടെംപ്ലേറ്റ് മുറിക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം

A) ബട്ടൺ ഹോൾ സിസർസ്
B) പിങ്കിങ്ങ് ഷിയേർസ്
C) പാറ്റേൺ സിസർസ്
D) ഹാൻഡ് സിസർസ്

23. ഫിഷ് ബോൺ സ്റ്റിച്ചിന്റെ ഉദ്ദേശ്യം എന്താണ് ?

A) ലാർജ് മോട്ടിഫ്
B) സ്കാലപ്പ്
C) ഫിലിങ്ങ്
D) ത്രെഡ് മാർക്ക്

24. അരികുകൾ പൂർത്തിയാക്കുന്നതിനും ചിലപ്പോൾ സീമിംഗിനും പ്രത്യേക ആവശ്യത്തിനായി ഉപയോഗിക്കുന്ന മെഷീൻ ഏതാണ് ?

A) ഡബിൾ നീഡിൽ മെഷീൻ
B) സിഗ് സാഗ് മെഷീൻ
C) ഓവർലോക്ക് മെഷീൻ
D) ബട്ടൺ തയ്യൽ

25. ആക്സിലറേറ്ററിന്റെ മോട്ടറൈസ്ഡ് തയ്യൽ മെഷീൻ ഭാഗങ്ങളുടെ പ്രവർത്തനം എന്താണ് ?

A) കൺട്രോൾ സ്റ്റിച്ച്
B) കൺട്രോൾ പവർ സ്റ്റിച്ച്
C) കൺട്രോൾ സ്പീഡ്
D) കൺട്രോൾ ബാലൻസ് വീൽ

26. ട്രെഡിൽ തയ്യൽ മെഷീനിൽ ഉപയോഗിക്കുന്ന ഓയിൽ ഏതാണ് ?

A) ഗ്രീസ് ഓയിൽ
B) വെളിച്ചെണ്ണ
C) ലൂബ്രിക്കേറ്റഡ്
D) മണ്ണെണ്ണ

27. താമ്പൂർ എംബ്രോയ്ഡറിക് പ്രശസ്തമായ സംസ്ഥാനം

A) കർണാടക
B) കേരള
C) ആസ്സാം
D) ഗുജറാത്ത്

28. കാന്ത വർക്കിന് ഉപയോഗിക്കുന്ന സ്റ്റിച്ച്

A) ബാക്ക് സ്റ്റിച്ച്
B) റണ്ണിങ്ങ് സ്റ്റിച്ച്
C) ചെയിൻ സ്റ്റിച്ച്
D) ബട്ടൺഹോൾ സ്റ്റിച്ച്

29. പരമ്പരാഗത തുണിത്തരങ്ങളിൽ ഏതാണ് ഫ്രെഞ്ച് നോട്ട് ഓപ്പൺ വർക്ക്, ഹെറിങ്ബോൺ സ്റ്റിച്ച് ടെക്നിക്കുകൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നത് ?

A) കാന്ത ഓഫ് വെസ്റ്റ് ബംഗാൾ
B) ചിക്കൻകാരി ഓഫ് ലക്നൗ
C) പീപ്പ്ളി ആപ്ലിക്ക് വർക്ക്
D) രാജസ്ഥാനി എംബ്രോയ്ഡറി

30. സ്കിപിഡ് സ്റ്റിച്ച് രൂപപ്പെടുന്നത് സൂചി ത്രെഡിന്റെ ലൂപ്പ് ഏതിൽ നിന്നും എടുക്കാത്തപ്പോളാണ് ?

A) ത്രെഡ് പ്ലേറ്റ്
B) ഫീഡർ
C) പോയിന്റ് ഓഫ് ദ ഹുക്ക് അല്ലെങ്കിൽ ലൂപ്പർ
D) ഇവയിൽ ഒന്നുമല്ല

31. സ്റ്റിച്ചിന്റെ തുടക്കത്തിൽ കുരുങ്ങിയ നൂലിനുള്ള പ്രതിവിധി എന്താണ് ?
   A) ത്രെഡിന്റെ അടിനൂൽ പുറത്തേക്ക് എടുക്കുക
   B) അധികമുള്ള ഓയിൽ
   C) യോജിച്ച നീഡിൽ തിരഞ്ഞെടുക്കുന്നത്
   D) ഫീഡ് ഡോഗ് വൃത്തിയാക്കുക

32. ഫാബ്രിക് പക്കറിംഗിന്റെ കാരണം അല്ലെങ്കിൽ വൈകല്യം എന്താണ് ?
   A) റ്റേക് അപ് സ്പ്രിങ്ങ് ബ്രോകൻ
   B) ബോബിൻ വളരെ നിറഞ്ഞത്
   C) ഷട്ടിലിൽ എണ്ണ അധികമായി ഉള്ളത്
   D) ബ്ലൻഡ് നീഡിൽ

33. തയ്യൽ മെഷീനിൽ, നോഷൻ എന്താണ് ?
   A) ഗാർമെന്റ് പൂർത്തിയാക്കുന്നതിന് ആവശ്യമായ തയ്യൽ സാധനങ്ങൾ
   B) പാറ്റേൺ മേക്കിങ്ങിന് ആവശ്യമായ പാറ്റേൺ
   C) തയ്യൽ പാറ്റേൺ അളക്കുന്നതിന് ആവശ്യമായ ഉപകരണം
   D) ഇവയിൽ ഒന്നുമല്ല

34. അൺ ഈവൻ സ്റ്റിച്ച് ലെങ്ക്തിന്റെ കാരണം എന്താണ് ?
   A) ബോബിൻ തെറ്റായി സെറ്റായിരിക്കുന്നത്
   B) മെഷീനിന്റെ ത്രെഡ് തെറ്റായി ചെയ്തിരിക്കുന്നത്
   C) ഓയിലിങ്ങ് ശരിയല്ലാത്തത്
   D) ഫീഡ് ഡോഗ് വൃത്തിഹീനവും പൊട്ടിയതും

35. ഷർട്ട് യോക്ക്, കോളർ, പോക്കറ്റ് തുടങ്ങിയവയിൽ ടോപ്പ് സ്റ്റിച്ചിനായി സാധാരണ ഉപയോഗിക്കുന്നത്
   A) ലോക്ക് സ്റ്റിച്ച് മെഷീൻ
   B) സിംഗിൾ നീഡിൽ ലോക്ക് സ്റ്റിച്ച് മെഷീൻ
   C) ഡബിൾ നീഡിൽ ലോക്ക് സ്റ്റിച്ച് മെഷീൻ
   D) സിഗ് സാഗ് മെഷീൻ

36. പരുത്തിക്കുരുവിൽ നിന്നും നാരുകളെ വേർതിരിക്കുന്ന പ്രക്രിയയെ _________ എന്നു പറയുന്നു.
   A) കാർഡിങ്ങ    B) കോംബിങ്ങ്
   C) ജിന്നിങ്ങ്    D) സ്പിന്നിങ്ങ്

37. ഇവയിൽ ഉയർന്ന അബ്സോർബൻസി സ്വഭാവവും ഉയർന്ന ഫ്ലക്സിബിലിറ്റി സ്വഭാവവും ഉള്ള നാരുകൾ ഏതാണ് ?
A) പോളിയിസ്റ്റർ B) സിൽക്ക് C) നൈലോൺ D) വൂൾ

38. 'വിസ്കോസ്' ഏത് തരം നാര് ആണ് ?
A) പ്രോട്ടീനിക് B) സെല്ലുലോസിക്
C) സിന്തറ്റിക് D) ഇൻഓർഗാനിക്

39. _________ ആണ് 'നാരുകളുടെ രാജാവ് ' എന്ന് പരിഗണിക്കപ്പെടുന്നത്.
A) സിൽക്ക് B) കോട്ടൺ C) ജ്യൂട്ട് D) ലിനൻ

40. ഏത് തുണിത്തരമാണ് നവജാത ശിശുക്കളുടെ വസ്ത്രങ്ങൾക്കായി ഉപയോഗിക്കുന്നത് ?
A) നൈലോൺ B) പോളിയിസ്റ്റർ C) സിൽക്ക് D) കോട്ടൺ

41. അക്രിലിക് ഒരു _________ തരം നാരാകുന്നു.
A) സിന്തറ്റിക് B) സെല്ലുലോസിക്
C) പ്രോട്ടീനിക് D) ഇൻഓർഗാനിക്

42. ഇവയിൽ ഏത് നാരുകളാണ് ക്രിസ്റ്റലൈൻ ഘടനയിൽ കാണപ്പെടുന്നത് ?
A) റയോൺ B) നൈലോൺ
C) സിൽവർ D) ആസ്ബസ്റ്റോസ്

43. ഇവയിൽ ഏതാണ് സ്റ്റേപ്പിൾ ഫൈബർ ?
A) സിൽക്ക് B) നൈലോൺ
C) സിന്തറ്റിക് ഫൈബർ D) ലിനൻ

44. ഈ നാരുകൾ 'ബാസ്റ്റ് ' നാരുകൾ എന്ന് അറിയപ്പെടുന്നു.
A) കോട്ടൺ B) ജ്യൂട്ട് C) വൂൾ D) സിൽക്ക്

45. 'മോത്ത് ' എന്ന വാക്ക് ഏത് നാരുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) സിൽക്ക് B) വൂൾ C) ജ്യൂട്ട് D) കോട്ടൺ

46. രണ്ട് പ്ലീറ്റുകളുടെ ഇടയിലുള്ള അകലത്തെ _________ എന്ന് പറയുന്നു.
A) പാറ്റേൺ വിഡ്ത്ത് B) പ്ലീറ്റ് വിഡ്ത്ത്
C) പ്ലീറ്റ് ഡെപ്ത്ത് D) പ്ലേയ്സ്മെന്റ് ലൈൻ

47. ഏത് തരം 'ടക്ക് ' ന് ആണ് 'വേവി ഇഫക്റ്റ് ' തോന്നിക്കുന്നത് ?
A) ക്രോസ് ടക്ക് B) ഡാർട്ട് ടക്ക്
C) ഷെൽ ടക്ക് D) സ്കാലപ്പ്ട് ടക്ക്

48. ഇവയിൽ ഏതാണ് 'സീംമ്' ഫിനിഷ് ?

A) ടോപ്പ് സ്റ്റിച്ച് സീംമ്
B) ലാപ്പ്ട് സീംമ്
C) ഓവർകാസ്റ്റ് സീംമ്
D) ഫ്രെഞ്ച് സീംമ്

49. ഏത് 'ഡാർട്ട്' ആണ് ഫുൾ ഡാർട്ടിന്റെ വകഭേദം ?

A) സ്റ്റാൻഡേർഡ് ഡാർട്ട്
B) ഫ്രെഞ്ച് ഡാർട്ട്
C) കോൺടോർ ഡാർട്ട്
D) സ്ലാഷ്ട് ഡാർട്ട്

50. മുൻവശം 'V' ആകൃതിയിലും പുറക്വശം ചതുരാകൃതിയിലും വരുന്ന കോളറിന്റെ പേര് ?

A) പീറ്റർ പാൻ കോളർ
B) റോൾഡ് കോളർ
C) സെയ്‌ലർ കോളർ
D) ഇവയിൽ ഒന്നും അല്ല

51. 'കിമോണോ' _________ ന്റെ വകഭേദം ആണ്.

A) കോളർ
B) സ്ലീവ്
C) പോക്കറ്റ്
D) പ്ലാക്കറ്റ്

52. എതിർ ദിശയിൽ വരുന്ന രണ്ട് പ്ലീറ്റുകളുടെ ഉൾവശത്തെ മടക്കുകൾ ചീത്തവശത്ത് ഒരു പ്ലെയ്സ്മെന്റ് ലൈനിൽ സന്ധിക്കുന്ന പ്ലീറ്റ്

A) ബോക്സ് പ്ലീറ്റ്
B) നൈഫ് പ്ലീറ്റ്
C) സിമ്പിൾ പ്ലീറ്റ്
D) ഇൻവേർട്ടട് പ്ലീറ്റ്

53. ഏത് തരം ഡ്രസ്സുകളിൽ ആണ് 'സ്ലാഷ് പോക്കറ്റ്' ഉപയോഗിക്കുന്നത് ?

A) കോട്ട്, പാന്റ്
B) ഷർട്ട്, കോട്ട്
C) ഷർട്ട്, പാന്റ്
D) ഇവയിൽ ഒന്നും അല്ല

54. ബാന്റ് കോളറിനെ _________ എന്നും അറിയപ്പെടുന്നു.

A) സെയ്‌ലർ കോളർ
B) സ്റ്റാന്റ് കോളർ
C) ഷർട്ട് കോളർ
D) പീറ്റർ പാൻ കോളർ

55. പ്ലീറ്റ് എടുക്കുന്നതിനുമുമ്പുള്ള മെറ്റീരിയലിന്റെ വീതിയെ _________ എന്ന് പറയുന്നു.

A) പ്ലീറ്റഡ് സെക്ഷൻ
B) പ്ലീറ്റ് ഡെപ്ത്
C) പ്ലീറ്റ് വിഡ്ത്ത്
D) പാറ്റേൺ വിഡ്ത്ത്

56. ഏത് തരം കോളർ ആണ് റ്റി ഷർട്ടുകളിലും സ്പോർട്സ് തുണിത്തരങ്ങളിലും ഉപയോഗിക്കുന്നത് ?

A) സ്റ്റാന്റ് കോളർ
B) ടെന്നീസ് കോളർ
C) റോൾ കോളർ
D) ഷർട്ട് കോളർ

57. 'നെക്ക്‌ലൈൻ'ൽ തുടങ്ങി 'അൺഡർ ആം'ൽ അവസാനിക്കുന്ന സ്ലീവ് _________ ആണ്.

A) റാഗ്ലൻ സ്ലീവ്
B) കിമോണോ സ്ലീവ്
C) ലെഗ്-ഓ-മട്ടൺ സ്ലീവ്
D) ബിഷപ്പ് സ്ലീവ്

58. ഏത് തരം പ്ലാക്കറ്റിന് ആണ് തുല്യ വീതിയിൽ ഉള്ള ഫെയ്സിങ്ങ് പീസുകൾ ഉപയോഗിക്കുന്നത് ?

A) ഇറ്റാലിയൻ പ്ലാക്കറ്റ്
B) കണ്ടിന്യൂസ് പ്ലാക്കറ്റ്
C) റ്റു പീസ് പ്ലാക്കറ്റ്
D) വൺ പീസ് പ്ലാക്കറ്റ്

59. അടിവശത്ത് ഫ്ലയർ വരുന്ന സ്ലീവിനെ _________ എന്ന് അറിയപ്പെടുന്നു.

A) പഫ് സ്ലീവ്
B) ബെൽ സ്ലീവ്
C) ബിഷപ്പ് സ്ലീവ്
D) റാഗ്ലൻ സ്ലീവ്

60. ഷർട്ട് സ്ലീവിൽ മാത്രം ഉപയോഗിക്കുന്ന പ്ലാക്കറ്റാണ്

A) വൺ പീസ് പ്ലാക്കറ്റ്
B) ഇറ്റാലിയൻ പ്ലാക്കറ്റ്
C) റ്റു പീസ് പ്ലാക്കറ്റ്
D) കണ്ടിന്യൂസ് പ്ലാക്കറ്റ്

61. ഒരു കളറിന്റെ തെളിച്ചം അല്ലെങ്കിൽ മന്ദതയ്ക്ക് ഉപയോഗിക്കുന്ന പദം

A) വാല്യൂ
B) ഇന്റൻസിറ്റി
C) റ്റോൺ
D) ഹ്യൂ

62. ഏത് കളർ സ്കീമിലാണ് പരസ്പരം അതിർത്തി പങ്കിടുന്ന നിറങ്ങളുടെ കൂട്ടം അടങ്ങിയിരിക്കുന്നത് ?

A) അക്രോമാറ്റിക്
B) മോണോക്രോമാറ്റിക്
C) അനലോഗസ്
D) കോംപ്ലിമെന്ററി

63. സെക്കന്ററി കളർ അഥവാ ദ്വിതീയ വർണ്ണത്തിന് ഉദാഹരണം

A) നീല
B) വയലറ്റ്
C) ചുവപ്പ്
D) ചുവന്ന വയലറ്റ്

64. വ്യത്യസ്ത മൂല്യങ്ങളിൽ ഒരു നിറം മാത്രമുള്ള കളർ ഹർമണി ഏതാണ് ?
 A) മോണോക്രോമാറ്റിക്
 B) സ്പ്ലിറ്റ് കോംപ്ലിമെന്ററി
 C) കോംപ്ലിമെന്ററി
 D) ട്രയാഡ്

65. ഡബിൾ സ്പ്ലിറ്റ് കോംപ്ലിമെന്ററി കളർ സ്കീമിന് പറയുന്ന മറ്റൊരു പേര്
 A) ടെട്രാഡിക് കളർ സ്കീം
 B) ഡയാഡ് കളർ സ്കീം
 C) ന്യൂട്രൽ കളർ സ്കീം
 D) കോംപ്ലിമെന്ററി കളർ സ്കീം

66. ഏത് തരത്തിലുള്ള നിറ്റഡ് തുണികളിലാണ് കോഴ്സുകൾ ഒറ്റ നൂൽ ഇഴകൊണ്ട് നിർമ്മിച്ചിരിക്കുന്നത് ?
 A) വാർപ്പ് നിറ്റ്
 B) വെഫ്റ്റ് നിറ്റ്
 C) ഇൻസെർഷൻ നിറ്റ്
 D) ജക്കാർഡ് നിറ്റ്

67. താഴെ കൊടുത്തിരിക്കുന്നവയിൽ വാർപ്പ് നിറ്റിനുള്ള ഉദാഹരണം
 A) ടക്ക്
 B) മിസ്
 C) പേൾ
 D) ട്രൈക്കോട്ട്

68. നീഡിൽ ഉപയോഗിച്ച് ഒന്നോ അതിലധികമോ നൂലുകളുടെ ലൂപ്പിന്റെ ശ്രേണി പരസ്പരം ബന്ധിപ്പിച്ച് തുണി നിർമ്മിക്കുന്ന പ്രക്രിയയ്ക്ക് പറയുന്ന പേര്
 A) വീവിംങ്ങ്
 B) ഫെൽറ്റിംങ്ങ്
 C) നിറ്റിംങ്ങ്
 D) ലേസിംങ്ങ്

69. ലൂപ്പ് അക്സിസ്സിന് സമാന്തരമായി തുണിയിൽ നീളത്തിൽ കാണപ്പെടുന്ന ലൂപ്പുകളുടെ നിരയ്ക്ക് പറയുന്ന പേര്
 A) കൗണ്ട്
 B) വെയ്ൽസ്
 C) കോഴ്സസ്സ്
 D) പ്ലൈ

70. തുണിയുടെ ഫൈയിനസ്സ് (മൃദുത്വം) കണക്കാക്കുന്നതിനായി മെഷിനിൽ ഒരു യൂണിറ്റ് വിഡ്ത്തിൽ വരുന്ന സ്റ്റിച്ചുകളുടെ എണ്ണത്തെ സൂചിപ്പിക്കുന്നത്
 A) സ്റ്റിച്ച്
 B) ഗേജ്
 C) കൗണ്ട്
 D) വെയ്ൽസ്

71. ബ്ലോക്ക് പാറ്റേണിൽ നിന്നും അടിസ്ഥാന ശൈലി പാറ്റേൺ അഥവാ ബേസിക് സ്റ്റൈൽ പാറ്റേൺ നിർമ്മിക്കുന്ന രീതി
 A) അഡാപ്റ്റേഷൻ
 B) സ്ലാഷ് ആൻഡ് സ്പ്രെഡ്
 C) സ്ലാഷ് ആൻഡ് ലാപ്പ്
 D) ബ്ലോക്കിംങ്ങ്

72. ഒരു വസ്ത്രത്തിന്റെ വിവിധ ഘടകങ്ങളുടെ മാതൃക അല്ലെങ്കിൽ പകർപ്പ്
 A) ബ്ലോക്ക്
 B) ഡ്രാഫ്റ്റ്
 C) പാറ്റേൺ
 D) സ്ലോപ്പർ

73. കോമേർഷ്യൽ പാറ്റേണുകൾ അഥവാ വാണിജ്യ പാറ്റേണുകൾക്ക് പറയുന്ന മറ്റൊരു പേര്

A) റെഡിമെയ്ഡ് പാറ്റേൺസ്
B) ഫൗണ്ടേഷൻ പാറ്റേൺസ്
C) സ്ലോപ്പർ പാറ്റേൺസ്
D) ഫ്ലാറ്റ് പാറ്റേൺസ്

74. നിലവിലുള്ള ഫൗണ്ടേഷൻ പാറ്റേണിൽ നിന്ന് സൃഷ്ടിച്ച പാറ്റേണുകൾക്ക് നൽകിയിരിക്കുന്ന പദം ഏതാണ് ?

A) റിവേഴ്സ് എൻജിനിയറിംങ്ങ്
B) നോക്ക് ഓഫ്
C) സ്ലോപ്പർ
D) സ്വീപ്പ്

75. ഊട് നൂലിന്റെ ദിശയിൽ വരയ്ക്കുന്ന ഗ്രേൻ (grain) ഏതാണ് ?

A) സ്ട്രെയ്റ്റ്
B) ക്രോസ്
C) ബയാസ്
D) ട്രൂബയാസ്

76. പരീക്ഷണാത്മകവും ഞെട്ടിക്കുന്നതുമായ ഫാഷനുകൾക്ക് ഉപയോഗിക്കുന്ന പദം

A) ഫാഷൻ ഫോർവേർഡ്
B) അവന്റ്-ഗാർഡ്
C) FAD
D) ഹൈ ഫാഷൻ

77. രൂപകൽപ്പനയിൽ അതിശയോക്തിപരവും അതിരു കടന്നതുമായ ഡിസൈനുകൾ, എന്ന ഹ്രസ്വകാലം നിലനിൽക്കുന്നതുമായ ഫാഷൻ

A) FAD
B) ക്ലാസ്സിക്
C) ബേസിക്
D) ഹൈ ഫാഷൻ

78. വില, സ്റ്റൈലിംങ്ങ്, ഫിറ്റ്, ക്വാളിറ്റി, പ്രസ്റ്റിജ് പോലുള്ള ചില ഉൽപ്പന്ന സവിശേഷതകളുമായി ബന്ധപ്പെട്ട പേര്

A) കളക്ഷൻ
B) Pret-a-porter
C) സൈനേജ്
D) ബ്രാൻഡ്

79. അസാധാരണമായ വസ്ത്രങ്ങളും അന്തരീക്ഷവുമുള്ള ഒരു ചെറിയ കടയുടെ ഫ്രഞ്ച് വാക്ക്

A) ഹോറ്റ് കുറ്റൂർ
B) അറ്റ്ലിയർ
C) ബോഹോ
D) ബോട്ടിക്

80. ഒരു സ്റ്റയിലിന്റെ നിർദ്ദിഷ്ട പതിപ്പുകളൊ വ്യതിയാനങ്ങളോ സൃഷ്ടിക്കുന്ന വർണ്ണ ടെക്സ്ചർ സിലുവെറ്റ് വിശദാംശങ്ങളുടെ ഘടന

A) ഡിസൈൻ
B) ക്ലാസിക്
C) ട്രെൻഡ്
D) ഫാഷൻ

81. താഴെ പറയുന്നവയിൽ ഒരു ഫെഡറൽ സംവിധാനത്തിന്റെ സവിശേഷത ഏത് ?

A) അലിഖിത ഭരണഘടന
B) ഏക സർക്കാർ
C) അധികാര കേന്ദ്രീകരണം
D) സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ

82. സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ സൂര്യന്റെ അയനം

A) ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്ക്

B) ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക്

C) ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക്

D) ദക്ഷിണായന രേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക്

83. താഴെ തന്നിരിക്കുന്ന സംഭവങ്ങളെ കാലഗണനാ ക്രമത്തിൽ ക്രമീകരിക്കുക.

i. ഗുരുവായൂർ സത്യാഗ്രഹം
ii. നിവർത്തന പ്രക്ഷോഭം
iii. ക്ഷേത്ര പ്രവേശന വിളംബരം
iv. വൈക്കം സത്യാഗ്രഹം

A) iii, ii, i, iv
B) ii, iv, i, iii
C) iv, i, ii, iii
D) i, iv, iii, ii

84. കൊടുത്തിരിക്കുന്നവയിൽ ശരിയായ ജോഡി ഏത് ?

A) മെർക്കന്റലിസ്റ്റ് നിയമങ്ങൾ – റഷ്യ

B) ബോക്സർ കലാപം – ചൈന

C) ഒക്ടോബർ വിപ്ലവം – ഫ്രാൻസ്

D) രക്തരൂക്ഷിതമായ ഞായറാഴ്ച – വടക്കേ അമേരിക്ക

85. പുലർകാലത്ത് ഇലകളുടെ അഗ്രഭാഗങ്ങളിലും മറ്റ് തണുത്ത പ്രതലങ്ങളിലും പറ്റിപ്പിടിച്ചു കാണുന്ന വെള്ളത്തുള്ളികളാണ്

A) ഹിമം
B) തുഷാരം
C) മഞ്ഞ്
D) പുകമഞ്ഞ്

86. ദേശീയതലത്തിൽ അഴിമതി തടയുന്നതിനായി 1964-ൽ രൂപീകരിച്ച സ്ഥാപനമേതെന്ന് തിരിച്ചറിയുക.

A) ലോക്പാൽ
B) ലോകായുക്ത
C) വിജിലൻസ് കമ്മീഷൻ
D) ഓംബുഡ്സ്മാൻ

87. ഏതൊക്കെ ഭൂപ്രദേശങ്ങളാണ് 1954 ൽ ഇന്ത്യൻ യൂണിയനോട് ചേർക്കപ്പെട്ടത് ?

A) ഗോവ, ദാമൻ, ദിയു

B) ഹൈദരാബാദ്, കാശ്മീർ, ജുനഗഡ്

C) പോണ്ടിച്ചേരി, കാരയ്ക്കൽ, മാഹി, യാനം

D) മുകളിൽ പറഞ്ഞവയെല്ലാം

88. 'ശരിയായ വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ ഇന്ത്യൻ ജനത എല്ലാവരുടെയും ആദരവിന് പാത്രമാകും'. ആരുടെ കാഴ്ചപ്പാടാണിത് ?

A) രാജാറാം മോഹൻ റോയ്
B) ആനി ബസന്റ്
C) ലോർഡ് ലിട്ടൺ
D) വീരേശലിംഗം

89. ഏത് സാമൂഹിക പരിഷ്കർത്താവാണ് ഹിതകാരിണി സഭ സ്ഥാപിച്ചത് ?

A) കേളപ്പൻ
B) പൽപ്പു
C) വീരേശലിംഗം
D) സ്വാമി വിവേകാനന്ദൻ

90. ഏത് ഹിമാലയൻ ഭൂപ്രദേശമാണ് ആസ്സാം ഹിമാലയം എന്ന പേരിലും അറിയപ്പെടുന്നത് ?

A) കിഴക്കൻ ഹിമാലയം
B) മധ്യഹിമാലയം
C) പടിഞ്ഞാറൻ ഹിമാലയം
D) മുകളിൽ പറഞ്ഞവയൊന്നുമല്ല

91. വി. ടി. ഭട്ടതിരിപ്പാട് നേതൃത്വം നൽകിയ പരിഷ്കരണ പ്രസ്ഥാനമേത് ?

A) ആനന്ദ മഹാസഭ
B) യോഗക്ഷേമ സഭ
C) അരയ സമാജം
D) ആര്യ സമാജം

92. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയേതെന്ന് കണ്ടെത്തുക.

A) ലോകസഭയും രാജ്യസഭയും ചേർന്നതാണ് ഇന്ത്യൻ പാർലമെന്റ്.
B) രാജ്യസഭയും പ്രധാനമന്ത്രിയും ഉപരാഷ്ട്രപതിയും ചേർന്നതാണ് ഇന്ത്യൻ പാർലമെന്റ്.
C) രാഷ്ട്രപതിയും ലോകസഭയും രാജ്യസഭയും ചേർന്നതാണ് ഇന്ത്യൻ പാർലമെന്റ്.
D) പ്രധാനമന്ത്രിയും പ്രസിഡന്റും ചേർന്നതാണ് ഇന്ത്യൻ പാർലമെന്റ്.

93. രാഷ്ട്രപതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രസ്താവനകൾ താഴെ തന്നിരിക്കുന്നു. ഏറ്റവും അനുയോജ്യമായത് കണ്ടെത്തി എഴുതുക.

A) ഇന്ത്യയുടെ രാഷ്ട്രപതിയെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു.
B) ലോകസഭാംഗങ്ങളും രാജ്യസഭാംഗങ്ങളും ചേർന്ന് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നു.
C) ലോകസഭയിലെയും രാജ്യസഭയിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും സംസ്ഥാന നിയമസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഉൾപ്പെടുന്ന ഇലക്ടറൽ കോളേജ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നു.
D) മുകളിൽ പറഞ്ഞവയൊന്നുമല്ല

94. കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുക.

A) ഡോ. രാജേന്ദ്ര പ്രസാദ്
B) ഡോ. സക്കീർ ഹുസൈൻ
C) ഐ. കെ. ഗുജ്റാൾ
D) ഡോ. എ. പി. ജെ. അബ്ദുൽ കലാം

95. നഗര ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി തിരിച്ചറിയുക.

A) 42-ാം ഭേദഗതി
B) 74-ാം ഭേദഗതി
C) 75-ാം ഭേദഗതി
D) 64-ാം ഭേദഗതി

96. ഏത് സംഘടനയാണ് അടുത്തിടെ "ഗ്ലോബൽ ഫുഡ് പോളിസി റിപ്പോർട്ട് 2024" പുറത്തിറക്കിയത് ?

A) ലോകബാങ്ക്
B) സെന്റർ ഫോർ ഇന്റർനാഷണൽ ഫോറസ്ട്രി റിസർച്ച്
C) ഇന്റർനാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
D) അന്താരാഷ്ട്ര തൊഴിൽ സംഘടന

97. അടുത്തിടെ വാർത്തകളിൽ കണ്ട 'റുവാഹ നാഷണൽ പാർക്ക്' സ്ഥിതി ചെയ്യുന്നത് ഏത് രാജ്യത്താണ് ?

A) താൻസാനിയ
B) കെനിയ
C) റുവാണ്ട
D) നൈജീരിയ

98. 2024-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ തീം എന്താണ് ?

A) പ്ലാസ്റ്റിക് മലിനീകരണത്തെ ചെറുക്കുക
B) ആവാസ വ്യവസ്ഥയുടെ പുന:സ്ഥാപനം
C) ഭൂമി പുന:സ്ഥാപിക്കൽ, മരുഭൂവൽക്കരണം തടയൽ, വരൾച്ചാ പ്രതിരോധം
D) പ്ലാസ്റ്റിക് മലിനീകരണത്തിനുള്ള പരിഹാരങ്ങൾ

99. ഇന്ത്യയിലെ ആദ്യത്തെ 'ഇലക്ട്രിക് വാഹന സൂചിക' പുറത്തിറക്കിയ സ്ഥാപനമേത് ?

A) ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്
B) നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്
C) സെക്യൂരിറ്റി ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ
D) മദ്രാസ് സ്റ്റോക്ക് എക്സ്ചേഞ്ച്

100. 2024 ഐ. പി. എൽ. ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് നേടിയ കൽക്കത്ത നൈറ്റ് റൈഡേഴ്സ് ടീമിന്റെ ക്യാപ്റ്റൻ ആരായിരുന്നു ?

A) രോഹിത് ശർമ
B) ഗൗതം ഗംഭീർ
C) ശ്രേയസ് അയ്യർ
D) എം. എസ്. ധോനി

## Space for Rough Work